# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 300 — 10/06/2013-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ശിശുമരണത്തെക്കുറിച്ചുള്ള പഠനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ഈ സർക്കാർ അധികാരമേറ്റശേഷം അട്ടപ്പാടിയിൽ എത്ര കുട്ടികൾ മരണമടഞ്ഞു; | എ | 49 കുട്ടികൾ മരിച്ചതായാണ് വിവരം ലഭിച്ചിട്ടുള്ളത്. |
| ബി | അട്ടപ്പാടിയിൽ ആദിവാസി ഊരുകളിലെ നവജാതശിശുക്കളുടെ മരണം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ; | ബി | ഉണ്ട് |
| സി | അട്ടപ്പാടിയിലെ ദാരിദ്ര്യനിർമ്മാർജ്ജനത്തിനും രോഗനിവാരണത്തിനും വേണ്ടി എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | സി | പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കേരള വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖേന 1 കോടി രൂപ ചെലവഴിച്ചു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് പച്ചക്കറി കൃഷി നടത്തുന്നതിന് നടപടി സ്വീകരിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പ് ഏപ്രിലിൽ തന്നെ പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. അടുത്ത 4 മാസം പ്രതിമാസം 10 കിലോ റാഗി 2 കിലോ പയർ ഇവ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യ നീതി വകുപ്പിലെ അംഗൻവാടികൾ മുഖേന പൂരക പോഷകാഹാര പദ്ധതി പ്രകാരം പാൽ, മുട്ട, പഴം എന്നിവ വിതരണം ചെയ്യുന്നുണ്ട്. ആരോഗ്യ വകുപ്പ് മുഖേന കൗമാരക്കാരായ പെൺകുട്ടികൾക്ക് അയൺ ഫോളിക് ആസിഡ് ക്യാപ്സ്യൂൾ വിതരണം ചെയ്യാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ ആരോഗ്യ വകുപ്പിന്റെ വിവിധ ആശുപത്രികളിൽ നിലവിലുള്ള ഒഴിവുകൾ നികത്തി കൂടുതൽ മെഡിക്കൽ, പാരാ മെഡിക്കൽ ജീവനക്കാരെ നിയമിക്കുകയും ആരോഗ്യ വകുപ്പിന്റെ ഫീൽഡ് തല പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾക്കു പുറമെ പ്രത്യേക പരിചരണം ആവശ്യമായ വിളർച്ച ബാധിച്ച പട്ടികവർഗ്ഗക്കാരുടെ ചികിത്സയ്ക്കായി ഒരു ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ